**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1739** **02-02-2024 - ൽ മറുപടിയ്ക്ക്**

**കോളേജ് പഠന നിലവാരം മെച്ചപ്പെടുത്തൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എച്ച്. സലാം | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | കേരളത്തിലെ കോളേജ് വിദ്യാർത്ഥികളിൽ ഇംഗ്ലീഷ് ഭാഷാപഠനം, പ്രസ്തുത ഭാഷയിലുള്ള ആശയവിനിമയം, സംഭാഷണം എന്നിവയിൽ വരുന്ന നിലവാരക്കുറവ് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; മേല്പറഞ്ഞ വിഷയങ്ങൾ പരിഹരിക്കുന്നതിനും വിദ്യാർത്ഥികൾക്ക് ഇംഗ്ലീഷ് ഭാഷയിൽ സംസാരിക്കുന്നതിനടക്കമുള്ള പ്രാവീണ്യം ലഭ്യമാക്കുന്നതിനും നടപടി സ്വീകരിക്കുമോ; | (എ) | ബിരുദതല കരിക്കുലം പരിഷ്കരണത്തിൽ, ഇംഗ്ലീഷ് ഉൾപ്പെടെയുള്ള വിവിധ ഭാഷകളുടെ കാര്യത്തിൽ ആവശ്യമായിട്ടുള്ള കരിക്കുലം/ സിലബസ്സ് പരിഷ്കാരങ്ങൾ സംസ്ഥാനത്തെ സർവ്വകലാശാലകളിൽ നടത്തിവരുന്നു. സെമസ്റ്റർ സമ്പ്രദായം നടപ്പിലാക്കിയ ഘട്ടത്തിൽത്തന്നെ, ഇംഗ്ലീഷ് ഭാഷാ പഠനത്തിന്റെ ഘടനയിലും ഉള്ളടക്കത്തിലും ആവശ്യമായ മാറ്റങ്ങൾ വരുത്തിയിട്ടുണ്ട്. ഇംഗ്ലീഷ് ഭാഷ സാഹിത്യത്തിനു പുറമെ, ഇംഗ്ലീഷ് ഭാഷാ പ്രാവീണ്യം നേടുന്നതിന് ഭാഷാപഠനത്തെ ലിസണിംഗ് സ്കിൽ, സ്പീക്കിംഗ് സ്കിൽ, റീഡിംഗ് സ്കിൽ, റൈറ്റിംഗ് സ്കിൽ, എന്ന് നാല് നൈപുണ്യ മേഖലകളായി തിരിച്ച് അവ സ്വായത്തമാക്കുന്നതിന് ഉതകുന്ന പാഠ്യപദ്ധതി തയ്യാറാക്കുകയും ഇവ സംബന്ധിച്ച പ്രത്യേക പാഠപുസ്തകങ്ങൾ എല്ലാ ബിരുദ പഠിതാക്കൾക്കും നിർബന്ധമാക്കുകയും ചെയ്തിരുന്നു. കൂടാതെ, ഇംഗ്ലീഷ് ഭാഷയുമായി ബന്ധപ്പെട്ട് ഓറൽ കമ്മ്യൂണിക്കേഷൻ സ്കിൽ ടെസ്റ്റുകൾ എൻഡ് സെമസ്റ്റർ യൂണിവേഴ്സിറ്റി പരീക്ഷകളിൽ ഉൾപ്പെടുത്തിയിരുന്നു. ഇതിനുപുറമെ, കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് ഒരു പ്രധാന ബിരുദ പ്രോഗ്രാം/ കോഴ്സായി സർവ്വകലാശാലകളിലും കോളേജുകളിലും നിലവിലുണ്ട്. |
| (ബി) | സാമ്പ്രദായിക രീതിയിലുള്ള സിലബസ്സിലെ പഠനമല്ലാതെ മറ്റെന്തെങ്കിലും പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (ബി) | പുതിയ 4 വർഷ ബിരുദ പ്രോഗ്രാമിൽ ഫൗണ്ടേഷൻ കോഴ്സുകൾക്ക് വർദ്ധിച്ച പ്രാധാന്യമാണ് നൽകിയിട്ടുള്ളത്. ഫൗണ്ടേഷൻ കോഴ്സുകളിൽ ഉൾപ്പെടുന്ന Ability Enhancement Courses (AEC) മുഴുവൻ തന്നെ കൈകാര്യം ചെയ്യേണ്ടത് ഇംഗ്ലീഷ് ഉൾപ്പെടെയുള്ള ഭാഷാ അദ്ധ്യാപകരാണ്. പ്രായോഗിക പഠനത്തിനുള്ള വർധിച്ച പ്രാധാന്യവും പുതിയ പാഠ്യപദ്ധതിയുടെ പ്രത്യേകതയായിരിക്കും. ഇതിലൂടെ ഭാഷാപഠനം കൂടുതൽ കാര്യക്ഷമമാക്കാനാകുമെന്ന് കരുതുന്നു. |

സെക്ഷൻ ഓഫീസർ